# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1833 05.10.2016-ലെ മറുപടിയ്ക്ക്

## നിർധനരായ രോഗികൾക്കുള്ള ധനസഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽ നിന്നും നിർധനരായ രോഗികൾക്ക് നൽകുന്ന പരമാവധി ധനസഹായം എത്ര രൂപയാണ് ; മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച ധനസഹായം കൊടുത്തു തീർത്തിട്ടുണ്ടോ; എത്ര രൂപയുടെ കുടിശ്ശിക യാണ് നിലവിലുള്ളത്; ആയത് കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) പട്ടികജാതി വികസന വകുപ്പിൽ നിന്നും നിർധനരായ രോഗികൾക്ക് നൽകുന്ന പരമാവധി ധനസഹായം ഒരു ലക്ഷം രൂപയാണ്. മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച ധനസഹായം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കൊടുത്തു തീർത്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 70,65,000/-രൂപയും, മലപ്പുറം-50,00,000/-രൂപയും, കണ്ണൂർ-30,00,000/-രൂപയും കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്. ആയത് കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>പിന്നോക്ക സമുദായ വികസന വകുപ്പിൽ നിന്നും നിർധനരായ രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലില്ല. |

| | |
|---|---|
| ബി) പ്രസ്തുത ധനസഹായത്തിനുള്ള പുതിയ അപേക്ഷാ ഫോറം നിലവിലുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഈ സർക്കാർ വന്നതിനു ശേഷം അനുവദിക്കുന്ന തുക വളരെ അപര്യാപ്ത മാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (ബി) പുതിയ അപേക്ഷ ഫാറം ഇല്ല. നിലവിലെ അപേക്ഷാ ഫാറത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. നിലവിലെ തുക അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Rashmidas

**സെക്ഷൻ ഓഫീസർ**

# പട്ടികജാതി വികസന വകുപ്പ്

**പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും ഉള്ള ധനസഹായത്തിനുള്ള അപേക്ഷ**

1. അപേക്ഷകന്റെ പേര്, വയസ് :
2. ഇപ്പോഴത്തെ പൂർണ്ണമായ മേൽവിലാസം ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തിരിച്ചറിയൽ കാർഡ് നമ്പർ :
3. ജാതി (തഹസിൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം) :
4. കുടുംബ വാർഷിക വരുമാനം (വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം)
5. അപേക്ഷകന്റെ തൊഴിൽ :
6. അസുഖത്തിന്റെ പേര്/ അത്യാഹിതത്തിന്റെ വിവരം :
7. എന്നു മുതൽ ചികിത്സയിലാണ് ? ഇനി എത്രകാലം ചികിത്സ വേണ്ടിവരും ? :
8. ചികിത്സയ്ക്കായി നാളിതുവരെ എത്ര രൂപ ചെലവായി ? ഇനിയും എത്ര രൂപ വേണ്ടിവരും ? :
9. ഏത് ആശുപത്രിയിലാണ് ചികിത്സ ? :
10. ചികിത്സിക്കുന്ന ഗവ. ഡോക്ടറിൽ നിന്നും ഉള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ ? ആയത് പ്രകാരം ചികിത്സ എത്ര രൂപയുടേതാണ് ? :
11. ചികിത്സ ആവശ്യമായി വന്നത് അപേക്ഷിക്കുന്ന വ്യക്തിക്ക് അല്ലെങ്കിൽ ആർക്കുവേണ്ടിയാണ് അപേക്ഷിക്കുന്നത് ? ആ വ്യക്തിയുമായുള്ള ബന്ധം ? :
12. ഇതേ ആവശ്യത്തിന് മുമ്പ് ഏതെങ്കിലും വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ? എങ്കിൽ ഏത് വകുപ്പിൽ നിന്ന് ? എത്ര രൂപ ? :

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ് :

തീയതി : പേര് :

പട്ടികജാതി വികസന ഓഫീസറുടെ അഭിപ്രായം
(ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

GCPT. 9/1919/2012/44,500/DTP(1).

Rashmelas